**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 24** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ പ്രവർത്തനത്തിന്മേൽ സി.എ.ജി. യുടെ നിഗമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെ 2016-21 കാലയളവിലെ പ്രവർത്തനങ്ങളെ വിലയിരുത്തിയ സി.എ.ജി. യുടെ റിപ്പോർട്ടിലെ നിഗമനങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | **2006** ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളടങ്ങിയ സി.എ.ജി യുടെ റിപ്പോർട്ടിൻമേലുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ മറുപടി സർക്കാർ പരിശോധനയിലാണ്**.** |
| (ബി) | സ്ഥാപനങ്ങൾക്ക് ലൈസൻസും രജിസ്ട്രേഷനും നൽകുന്ന കാര്യത്തിൽ കമ്മീഷണറേറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/ സംഭരണം/ വിതരണം/വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ (FSSAI) വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ് / രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ foscos. fssai.gov.in മുഖാന്തിരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/ രജിസ്ട്രേഷൻ നൽകിവരികയും ചെയ്യുന്നു.<br><br>ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | 2022-23 ൽ FSSAI പ്രസിദ്ധീകരിച്ച ആക്ടീവ് ലൈസൻസ് ആന്റ് രജിസ്ട്രേഷൻ കണക്കുകളനുസരിച്ച് കേരളം Expected License and Registration ന്റെ 220 ശതമാനമാണ് നേടിയിട്ടുള്ളത്. ഒരു കോടിയിലധികം ജനങ്ങളുള്ള സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ഇത് ഉയർന്ന നേട്ടമാണ്.<br><br>ഭക്ഷണവുമായി ബന്ധപ്പെട്ട ബിസിനസ് നടത്തുന്ന എല്ലാ ബിസിനസ് സ്ഥാപനങ്ങളെയും ലൈസൻസ്/ രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ നിന്നും വ്യക്തമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി ബോധവൽക്കരണ പരിപാടികൾ, ലൈസൻസ് മേളകൾ, ഭക്ഷ്യ സുരക്ഷാ പഞ്ചായത്ത് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഇത്തരം നടപടികളിലൂടെ പരമാവധി പേരെ ലൈസൻസ് / രജിസ്ട്രേഷനിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇനിയും ലൈസൻസ്/ രജിസ്ട്രേഷൻ നേടുന്നതിന് സ്ഥാപനങ്ങൾ ബാക്കി ഉണ്ട് എന്നുള്ളത് പരിശോധനയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ്/ രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങളെ താൽക്കാലികമായി അടപ്പിയ്ക്കുന്നതിനും നിർദ്ദേശങ്ങൾ ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിൽ നിന്നും നൽകിയിട്ടുണ്ട്. |
| (സി) | നിയമ ലംഘനം നടത്തിയ സ്ഥാപനങ്ങൾക്ക് പിഴ ചുമത്താത്തതും കോമ്പൗണ്ടിംഗ് കേസുകൾ തീർപ്പാക്കാത്തതും മൂലമുണ്ടായ ഗുരുതര കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തുന്ന സ്ഥാപനങ്ങൾ ലൈസൻസ്, രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിയ്ക്കുന്ന സാഹചര്യത്തിലും ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത സാഹചര്യങ്ങളിലും **Compounding** നടത്തി പിഴ ചുമത്തുന്നതിൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ല.<br><br>ഭക്ഷ്യ സുരക്ഷാ വകുപ്പ് ജനങ്ങൾക്ക് സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നിരന്തരം പരിശോധനകൾ നടത്തി വരുന്നു. സാമ്പിൾ പരിശോധനയുടെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും നിലവാരമില്ലാത്ത ഭക്ഷണം വിറ്റവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ച് വരുന്നു.<br><br>2022 **ഏപ്രിൽ മുതൽ ഡിസംബർ** വരെയുള്ള കാലയളവിൽ 55684 ഭക്ഷ്യ പരിശോധനകൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും, പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 6103 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 3666 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയം 1,63,00,000/- **രൂപ (ഒരു കോടി ആറുപത്തി മൂന്ന് ലക്ഷം രൂപ മാത്രം)** പിഴ ചുമത്തുകയും ചെയ്തു. കൂടാതെ 5899 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 454 സാമ്പിളുകൾ **Unsafe** ആയും 220 സാമ്പിളുകൾ **Substandard** ആയും, 301 സാമ്പിളുകൾ **Misbranded** ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. നിലവിൽ ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് 1556 പ്രോസിക്യൂഷൻ കേസുകളും 1271 അഡ്ജ്യൂഡിക്കേഷൻ കേസുകളും നിലവിലുണ്ട്. **2014** മുതൽ **2022** വരെയുള്ള കാലയളവിൽ 2302 അഡ്ജ്യൂഡിക്കേഷൻ കേസുകൾ തീർപ്പാവുകയും 7,48,65,300/- **രൂപ (ഏഴ് കോടി നാൽപ്പത്തി എട്ട് ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ് രൂപ മാത്രം)** പിഴ വിധിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി **NABL** അക്രഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവണ്മെന്റ് അനാലിറ്റിക്കൽ ലാബുകളും, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിന് പുറമെയാണ് **14** ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. പ്രസ്തുത ലാബുകളിൽ മാത്രമായി **2022 ഏപ്രിൽ മുതൽ ഡിസംബർ** വരെയുള്ള കാലയളവിൽ **21070** ഭക്ഷ്യ സാമ്പിളുകൾ പരിശോധന നടത്തിയിട്ടുണ്ട്. ലാബുകളിൽ നിന്നും ലഭിക്കുന്ന പരിശോധന വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഓരോ മാസവും ജില്ലകളിൽ നിന്നും സ്റ്റാറ്റ്യൂട്ടറിയായി ശേഖരിയ്ക്കേണ്ട ഭക്ഷ്യ വസ്തുക്കളുടെ വിവരം കണക്കാക്കി ജില്ലകൾക്ക് നൽകിവരുന്നത് ആയതിന്റെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വികരിച്ച് വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ